**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 525** **09-11-2021 - ൽ മറുപടിയ്ക്ക്**

**പാമ്പുകളെ പിടികൂടുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാമ്പുകളെ അനധികൃതമായി പിടികൂടി കൈവശംവച്ച് വിൽപ്പന നടത്തുന്ന സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | പാമ്പുകളെ അനധികൃതമായി പിടികൂടി കൈവശം വച്ചു വിൽപ്പന നടത്തുന്ന സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 19 കേസുകൾ വനം വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൊല്ലം സതേൺ സർക്കിളിന്റെ കീഴിലെ പുനലൂർ ഡിവിഷന്റെ പരിധിയിൽ പാമ്പുകളെ അനധികൃതമായി പിടികൂടി കൈവശം വച്ച് വിൽപ്പന നടത്തുന്ന സംഘം പ്രവർത്തിച്ചു വരുന്നതായി കണ്ടെത്തുകയും അവർക്കെതിരെ ഒ.ആർ 01/2021, 02/2020, 03/2020 നമ്പരുകളിലായി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാലക്കാട് ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ പാമ്പുകളെ അനധികൃതമായി പിടികൂടി കൈവശം വച്ച് വിൽപ്പന നടത്തുന്ന സംഘം പ്രവർത്തിച്ചു വരുന്നതായി കണ്ടെത്തുകയും അതുമായി ബന്ധപ്പെട്ട് 7 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ സർക്കിളിന്റെ പരിധിയിൽ പാമ്പുകളെ പിടികൂടി കൈവശം വച്ച് വിൽപ്പന നടത്താൻ ശ്രമിച്ച കുറ്റത്തിന് 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൃശ്ശൂർ സെൻട്രൽ സർക്കിളിന്റെ പരിധിയിൽ പാമ്പുകളെ പിടികൂടി കൈവശം വച്ച് വിൽപ്പന നടത്താൻ ശ്രമിച്ച കുറ്റത്തിന് 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പാമ്പുകളെ പിടികൂടുന്നതിന് വനം വകുപ്പ് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങളോ ലൈസൻസോ നൽകിയിട്ടുണ്ടോ; | (ബി) | ജനവാസ മേഖലകളിൽ എത്തിപ്പെടുന്ന പാമ്പുകളെ സുരക്ഷിതമായി പിടികൂടി അനുയോജ്യമായ ആവാസവ്യവസ്ഥയിൽ വിടുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ കത്ത് നമ്പർ.ഡി2/124/2020/വനം- തീയതി 15.09.2020 പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകിയിട്ടുണ്ട്. അംഗീകൃത മാർഗ്ഗ |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് പാമ്പുകളെ പിടികൂടുന്നതിന് വനംവകുപ്പിന്റെ പരിശീലനത്തിൽ പങ്കെടുത്ത് സർട്ടിഫിക്കേഷൻ നേടേണ്ടതുണ്ട്. വനംവകുപ്പ് നാളിതുവരെ രണ്ട് ഘട്ടങ്ങളിലായി 1657 പേർക്ക് പരിശീലനം നൽകുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 928 പേർക്ക് സർട്ടിഫിക്കേഷൻ നൽകുകയും ചെയ്തിട്ടുണ്ട്.. |
| (സി) | അനധികൃതമായി പാമ്പുകളെ കൈവശം വച്ചിരിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | അനധികൃതമായി പാമ്പുകളെ പിടികൂടുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നവർക്കെതിരെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരം നിയമ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ